STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.263/PR/SPMC/PHQ/2022 Date: 30.12.2022

## പോലീസിന്റെ ലഹരിവിരുദ്ധ ബോധവത്ക്കരണ കലാവിരുന്ന് ശനിയാഴ്ച നിശാഗന്ധിയിൽ

ലഹരിരഹിത പുതുവർഷം എന്ന ആശയം അടിസ്ഥാനമാക്കി കേരള പോലീസ് തയ്യാറാക്കിയ ലഹരിവിരുദ്ധ ബോധവത്ക്കരണ കലാവിരുന്ന് ശനിയാഴ്ച തിരുവനന്തപുരത്ത് കനകക്കുന്നിലെ നിശാഗന്ധി ആഡിറ്റോറിയത്തിൽ നടക്കും.

വൈകിട്ട് ഏഴു മണിക്ക് സിനിമാതാരം സുധീർ കരമന ഉദ്ഘാടനം നിർവ്വഹിക്കും. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ സംബന്ധിക്കും.

ലഹരിയുടെ ഉപയോഗവും വിതരണവും തടയുന്നതിനായി പോലീസ് ആരംഭിച്ച യോദ്ധാവ് എന്ന കർമ്മപദ്ധതിയുടെ പ്രചരണാർത്ഥമാണ് ഒരു മണിക്കൂർ ദൈർഘ്യമുള്ള കലാവിരുന്ന് സംഘടിപ്പിച്ചിരിക്കുന്നത്. നാടകവും ഗാനമേളയും കോർത്തിണക്കി തയ്യാറാക്കിയ പരിപാടിയുടെ പിന്നണിയിൽ പ്രവർത്തിക്കുന്നത് കേരള പോലീസ് നാടകസംഘത്തിലെയും ഗായകസംഘത്തിലെയും പോലീസ് ഉദ്യോഗസ്ഥരാണ്.

സംസ്ഥാന പോലീസ് മേധാവി അനിൽകാന്തിന്റെ നേതൃത്വത്തിൽ ജനമൈത്രി സംസ്ഥാന നോഡൽ ഓഫീസർ കൂടിയായ ഡി.ഐ.ജി ആർ. നിശാന്തിനിയുടെ ആശയത്തിൽ തയ്യാറാക്കിയതാണ് കലാവിരുന്ന്.

**************************************